REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 11-04-2026 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **പത്ത് ദിവസത്തെ ചാന്ദ്രഭ്രമണ പഥത്തിലെ യാത്രയ്ക്ക് ശേഷം ആർട്ടെമിസ് - II തിരിച്ചെത്തി.**
- **അമേരിക്കയുമായി സമാധാന ചർച്ചകൾക്കായി ഇറാനിയൻ സംഘം ഇസ്ലാമാബാദിലെത്തി.**
- **സംസ്ഥാനത്ത് പോളിങ് നടപടികൾ പൂർത്തിയാക്കിയ ശേഷം വോട്ടിങ് യന്ത്രങ്ങൾ സ്ട്രോങ് റൂമുകളിലേക്ക് മാറ്റി.**
- **ഗൾഫ് മേഖലയിൽ നിർത്തിവെച്ച SSLC പരീക്ഷകൾ പുന:രാരംഭിക്കുന്നതിന് തിരഞ്ഞെടുപ്പ് കമ്മീഷന്റെ അനുമതി തേടുമെന്ന് മന്ത്രി V. ശിവൻകുട്ടി.**
- **ഇന്ന് ലോക പാർക്കിൻസൺസ് ദിനം.**
- **ഗോഹട്ടിയിൽ IPL ക്രിക്കറ്റിൽ, രാജസ്ഥാൻ റോയൽസ്, റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ ആറ് വിക്കറ്റിന് തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

**പത്ത് ദിവസത്തെ ചാന്ദ്രഭ്രമണ പഥത്തിലെ യാത്രയ്ക്ക് ശേഷം ആർട്ടെമിസ് - II സംഘം തിരിച്ചെത്തി. ഇന്ത്യൻ സമയം പുലർച്ചെ 5-07 നാണ് ഓറിയോൺ പേടകത്തിൽ നിന്നും പസഫിക് സമുദ്രത്തിൽ സംഘം സുരക്ഷിതമായി തിരിച്ചിറങ്ങിയത്.**

**ഡെസ്ക്ക് റിപ്പോർട്ട്**

**...(വോയ്സ്)...**

തിരിച്ചിറങ്ങൽ നേരത്ത് ഓറിയോൺ പേടകത്തിന്റെ വേഗം മണിക്കൂറിൽ 32 കിലോമീറ്ററായിരുന്നു. തുടക്കത്തിൽ മണിക്കൂറിൽ 40,000 കിലോമീറ്റർ വേഗത്തിൽ നിന്നാണ് ലാൻഡിംഗ് സമയത്തെ ഈ വേഗം ഓറിയോൺ പേടകം കൈവരിച്ചത്. ഇത് ഉയർന്ന താപ നിലയെ നിയന്ത്രിച്ചു പേടകത്തിന്റെ സുരക്ഷിത ലാൻഡിങ്ങിന് വഴിയൊരുക്കി. ഭൂമിയിൽ നിന്ന് 25,000 അടി ഉയരത്തിലെത്തിയപ്പോൾ നേരത്തെ സജ്ജമാക്കിയ പാരച്യൂട്ടുകൾ പേടകത്തെ സുരക്ഷാ ലാൻഡിങ്ങിനു സജ്ജമാക്കിയിരുന്നു . പേടകത്തിലെ യാത്രികരെല്ലാം പൂർണ ആരോഗ്യവാന്മാരാണെന്നു നാസ അറിയിച്ചു.

തിരിച്ചിറങ്ങുന്ന നേരത്ത് ആശയ വിനിമയത്തിൽ 6 മിനിട്ടു നേരം സംഘം കമ്മ്യൂണിക്കേഷൻ ബ്ലാക്ക് ഔട്ട് നേരിട്ടതു പരിഭ്രാന്തി പരത്തിയെങ്കിലും സംഘത്തിന് അത് വിജയകരമായി മറി കടക്കാൻ കഴിഞ്ഞു. .ഭൂമിയിൽ നിന്നും 4,06,771 കിലോമീറ്റർ സഞ്ചരിച്ച സംഘം , ബഹിരാകാശത്തേക്ക് ഇത് വരെ മനുഷ്യൻ സഞ്ചരിച്ച ഏറ്റവും വലിയ ദൂരമെന്ന റെക്കോർഡും സ്വന്തമാക്കി.

✪✪✪

അമേരിക്കയുമായി സമാധാന ചർച്ചകൾക്കായി ഇറാനിയൻ പാർലമെന്റ് സ്പീക്കർ മുഹമ്മദ് ബാഖർ ഖാലിബാഫിന്റെ നേതൃത്വത്തിൽ പ്രതിനിധി സംഘം പാക് തലസ്ഥാനമായ ഇസ്ലാമാബാദിലെത്തി. ഇറാൻ-യു.എസ് സംഘർഷം അവസാനിപ്പിക്കാൻ നിർണായകമായ നയതന്ത്ര ശ്രമത്തിന്റെ തുടക്കമാണിത്. ഇറാനിയൻ വിദേശകാര്യ മന്ത്രി അബ്ബാസ് അരാഗ്ചി, പ്രതിരോധ കൗൺസിൽ സെക്രട്ടറി, സെൻട്രൽ ബാങ്ക് ഗവർണർ, നിരവധി പാർലമെന്റ് അംഗങ്ങൾ എന്നിവരുൾപ്പെടെ മുതിർന്ന രാഷ്ട്രീയ, സൈനിക, സാമ്പത്തിക ഉദ്യോഗസ്ഥർ പ്രതിനിധി സംഘത്തിലുണ്ട്.

ലെബനനിലെ വെടിനിർത്തലിലും, ഇറാന്റെ തടഞ്ഞുവെച്ച ആസ്തികൾ വിട്ടുനൽകുന്ന കാര്യത്തിലും ചർച്ചകൾക്കു മുമ്പായി പുരോഗതി അനിവാര്യമാണെന്ന് ഇറാൻ സ്പീക്കർ അറിയിച്ചു. ലെബനനിലെ ഇസ്രയേലിന്റെ സൈനിക പ്രവർത്തനങ്ങൾ നിർത്തിവെക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

യു.എസ് വൈസ്പ്രസിഡന്റ് ജെ.ഡി വാൻസിന്റെ നേതൃത്വത്തിൽ അമേരിക്കൻ പ്രതിനിധി സംഘവും ഇസ്ലാമാബാദിലേക്ക് യാത്ര തിരിച്ചു.

✪✪✪

**ഹോർമൂസ് കടലിടുക്കിലെ തടസ്സങ്ങൾക്കിടയിലും പ്രധാന തുറമുഖങ്ങളിൽ കെട്ടിക്കിടക്കുന്ന ചരക്കുകളുടെ 90 ശതമാനവും നീക്കം ചെയ്തതായി കേന്ദ്രമന്ത്രി സർബാനന്ദ സോനാവാൾ അറിയിച്ചു. ന്യൂഡൽഹിയിൽ മുതിർന്ന ഉദ്യോഗസ്ഥരുടെയും, തുറമുഖ അധികൃതരുടെയും ഉന്നതതല അവലോകനയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.**

**ഏകോപിപ്പിച്ച മുൻകരുതൽ നടപടികളുടെ ഭാഗമായി ഇന്ത്യയുടെ വ്യാപാരത്തിൽ ആഘാതം കുറയ്ക്കാൻ കഴിഞ്ഞതായും മന്ത്രി പറഞ്ഞു. ആഗോള അനിശ്ചിതത്വത്തിനിടയിലും, നിർണായക ഘട്ടത്തിൽ സുഗമമായ പ്രവർത്തനം നടത്തിയ തുറമുഖ അധികൃതരെയും, തൊഴിലാളികളെയും സർബാനന്ദ സോനോവാൾ അഭിനന്ദിച്ചു. ഷിപ്പിംഗ് സംബന്ധമായ ചാർജുകളിൽ പൂർണ സുതാര്യത ഉറപ്പാക്കാൻ കേന്ദ്രമന്ത്രി ഷിപ്പിംഗ് ഡയറക്ടറേറ്റ് ജനറലിന് നിർദ്ദേശം നൽകി.**

✪✪✪

**ഇന്ത്യയിലെ US അംബാസിഡർ സെർജിയോ ഗോർ, വിദേശ കാര്യ സെക്രട്ടറി വിക്രം സിങ് എന്നിവരുടെ നേതൃത്വത്തിൽ ന്യൂഡൽഹിയിൽ ഉന്നത തല യോഗം ചേർന്നു. ഭാവിയിലെ ഇന്ത്യ-US ഊർജ സഹകരണ പദ്ധതി യോഗത്തിൽ മുഖ്യ ചർച്ചാ വിഷയമായി. സുസ്ഥിര ആണവോർജ മേഖലയെ ത്വരിതപ്പെടുത്താൻ രൂപികരിച്ച ശാന്തി ബിൽ ഇന്ത്യയിൽ വലിയ വിപ്ലവം സൃഷ്ടിക്കുമെന്ന് സെർജിയോ ഗോർ അഭിപ്രായപ്പെട്ടു.**

✪✪✪

**കഴിഞ്ഞ സാമ്പത്തിക വർഷം വന്ദേഭാരത് എക്സ്പ്രസ് ട്രെയിനുകളിൽ മൂന്ന് കോടി 98 ലക്ഷം പേർ യാത്ര ചെയ്തതായി റെയിൽവെ മന്ത്രാലയം അറിയിച്ചു. 2024-25 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച്, 34 ശതമാനം വളർച്ചയാണ് കഴിഞ്ഞ സാമ്പത്തികം കൈവരിച്ചത്. യാത്രക്കാർ വേഗമേറിയതും, സുഖകരവും, ആധുനികവുമായ യാത്രയ്ക്ക് നൽകുന്ന മുൻഗണനയാണ് വളർച്ചയ്ക്ക് കാരണമെന്ന് മന്ത്രാലയം വ്യക്തമാക്കി. വന്ദേഭാരത് എക്സ്പ്രസ് ആരംഭിച്ചതിനു ശേഷം ഒരു ലക്ഷം യാത്രകളിലൂടെ ഒൻപത് കോടി പത്ത് ലക്ഷം യാത്രക്കാർക്ക് സേവനം നൽകാൻ കഴിഞ്ഞതായി റെയിൽവെ അറിയിച്ചു. 2019 ഫെബ്രുവരിയിലാണ് ഇന്ത്യ തദ്ദേശീയമായി നിർമ്മിച്ച**

ആദ്യത്തെ സെമിഹൈസ്പീഡ് ട്രെയിനായ വന്ദേഭാരത് ന്യൂഡൽഹി വാരാണസി റൂട്ടിൽ സർവീസ് ആരംഭിച്ചത്.

✪✪✪

ഉത്തർപ്രദേശിലെ മഥുരയിലെ യമുന നദിയിൽ ഇന്നലെ ബോട്ട് മറിഞ്ഞു പത്തു പേർ മരിച്ച സംഭവത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമുവും , ഉപരാഷ്ട്രപതി CP രാധാകൃഷ്ണനും, പ്രധാനമന്ത്രി നരേന്ദ്ര മോദിയും ദുഃഖം രേഖപ്പെടുത്തി. അപകടത്തിൽ പരിക്കേറ്റവർ വേഗം സുഖം പ്രാപിക്കട്ടെ എന്ന് നേതാക്കൾ ആശംസിച്ചു.

✪✪✪

സ്ത്രീകൾക്കായി കേന്ദ്രഗവൺമെന്റ് ആരംഭിച്ച ഇ-മാർക്കറ്റ്പ്ലേസ് വുമണിയ സംരംഭം വഴി സൂക്ഷ്മ, ചെറുകിട വ്യവസായത്തിന് കഴിഞ്ഞ സാമ്പത്തിക വർഷം 13 ലക്ഷത്തി 70,000 ഓർഡറുകൾ ലഭിച്ചതായി കേന്ദ്ര ഗവൺമെന്റ് അറിയിച്ചു. വിവിധ വകുപ്പുകൾ, മന്ത്രാലയങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ആവശ്യമായ സാധനങ്ങളും സേവനങ്ങളും ഓൺലൈനിൽ ലഭിക്കുന്നതിന് 2019-ലാണ് വുമണിയ ആരംഭിച്ചത്.

✪✪✪

സംസ്ഥാനത്ത് പോളിങ് നടപടികൾ പൂർത്തിയാക്കിയ ശേഷം വോട്ടിങ് യന്ത്രങ്ങൾക്ക് കനത്ത സുരക്ഷയൊരുക്കി സ്ട്രോങ് റൂമുകളിലേക്ക് മാറ്റി. വോട്ടെടുപ്പ് കഴിഞ്ഞയുടൻ എല്ലാ പോളിങ് ബൂത്തുകളിലെയും ഉദ്യോഗസ്ഥർ പൊലീസ് സുരക്ഷയിൽ അവ അതത് മണ്ഡലങ്ങളിലെ സ്വീകരണ കേന്ദ്രങ്ങളിൽ എത്തിച്ചിരുന്നു. വോട്ട് യന്ത്രങ്ങൾ സൂക്ഷിച്ച മുറികൾ സീൽചെയ്ത് കേന്ദ്രസേനയെയും സായുധ സേനയെയും ലോക്കൽ പോലീസിനെയും ഉൾപ്പെടുത്തി ത്രിതല സുരക്ഷാ സംവിധാനമാണ് ഒരുക്കിയത്.

കോഴിക്കോട്ട് പാർട്ടി പ്രതിനിധികളുടെയും സ്ഥാനാർഥികളുടെയും സാന്നിധ്യത്തിൽ വോട്ടിങ് മെഷീനുകളും അനുബന്ധ രേഖകളും ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിങ്ങിന്റെ നേതൃത്വത്തിൽ പരിശോധിച്ച ശേഷമാണ് പ്രത്യേക മുറികളിലേക്ക് മാറ്റിയത്.

വടകര, നാദാപുരം, കുറ്റ്യാടി മണ്ഡലങ്ങളിലെ വോട്ടിങ് മെഷീനുകൾ മടപ്പള്ളി ഗവ. കോളേജിലും തിരുവമ്പാടി, കൊടുവള്ളി മണ്ഡലങ്ങളിലേത് കൂടത്തായി സെന്റ് മേരീസ് HSS ലും സജ്ജമാക്കിയ സ്ട്രോങ് റൂമുകളിലാണ് സൂക്ഷിക്കുന്നത്. ബാക്കി മണ്ഡലങ്ങളിലെ

വോട്ടിങ് മെഷീനുകൾ വെള്ളിമാട്കുന്ന് JDT ഇസ്ലാം സ്ട്രോങ് റൂമുകളിലാണ്.

✪✪✪

ഗൾഫ് മേഖലയിൽ നിർത്തിവെച്ച SSLC പരീക്ഷകൾ പുന:രാരംഭിക്കുന്നത് സംബന്ധിച്ച് മന്ത്രി V. ശിവൻകുട്ടിയുടെ അധ്യക്ഷതയിൽ തിരുവനന്തപുരത്ത് ഉന്നതതല യോഗം ചേർന്നു. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട അന്തിമ തീരുമാനങ്ങൾ പ്രഖ്യാപിക്കുന്നതിന് തിരഞ്ഞെടുപ്പ് കമ്മീഷന്റെ അനുമതി തേടാൻ യോഗത്തിൽ തീരുമാനമായി.

യുദ്ധസാഹചര്യത്തെത്തുടർന്ന് താൽക്കാലികമായി നിർത്തിവെച്ച പരീക്ഷകൾ എത്രയും വേഗം പൂർത്തിയാക്കി വിദ്യാർത്ഥികളുടെ ആശങ്ക പരിഹരിക്കാനാണ് ലക്ഷ്യമിടുന്നത്. തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിൽക്കുന്നതിനാൽ, പരീക്ഷാ തീയതികളും മറ്റ് നിർദ്ദേശങ്ങളും ഔദ്യോഗികമായി പ്രഖ്യാപിക്കുന്നതിന് മുൻപ് കമ്മീഷന്റെ അനുമതി അനിവാര്യമാണ്. പരീക്ഷാ നടത്തിപ്പിന് മുന്നൊരുക്കങ്ങൾ പൂർത്തിയാക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പിന് മന്ത്രി നിർദ്ദേശം നൽകി.

✪✪✪

ഇന്ന് ലോക പാർക്കിൻസൺസ് ദിനം. നാഡീ സംബന്ധമായ പാർക്കിൻസൺസ് രോഗത്തെക്കുറിച്ച് അവബോധം വളർത്തുന്നതിനാണ് എല്ലാവർഷവും ഏപ്രിൽ 11ന് ലോക പാർക്കിൻസൺസ് ദിനമായി ആചരിക്കുന്നത്. 1817-ൽ ഈ രോഗാവസ്ഥയെക്കുറിച്ച് ആദ്യമായ വിവരിച്ച ബ്രിട്ടീഷുകാരൻ ഡോ.ജെയിംസ് പാർക്കിൻസൺസിന്റെ ജന്മദിനത്തിലാണ് ദിനാചരണം. പരിചരണ വിടവ് നികത്തുകയെന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

ദിനാചരണത്തിന്റെ ഭാഗമായി ഈ മാസം 18,19 തിയതികളിൽ വാക്കത്തോൺ, പൊതുജന സമ്പർക്ക പരിപാടി എന്നിവ ന്യൂഡൽഹിയിലെ ഓൾ ഇന്ത്യ മെഡിക്കൽ സയൻസസിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കും. പ്രായമായവരിൽ സാധാരണയായി കാണുന്ന പാർക്കിൻസൺസ് ലക്ഷണങ്ങൾ ഇപ്പോൾ ചെറുപ്പക്കാരിലും കൂടുതലായി കാണുന്നുണ്ടെന്ന് എയിംസ് ന്യൂറോ സർജറി വിഭാഗം പ്രൊഫസറും മേധാവിയുമായ ഡോ.P ശരത് ചന്ദ്ര ആകാശവാണിയോട് പറഞ്ഞു.

✪✪✪

ബംഗളൂരുവിലെ ചിക്കമഗളൂരുവിൽ വിനോദയാത്രയ്ക്കിടെ കാണാതായ മലയാളി പെൺകുട്ടി ശ്രീനന്ദയുടെ മൃതദേഹം പോസ്റ്റുമോർട്ടത്തിനു ശേഷം സ്വദേശമായ പാലക്കാട് കടമ്പഴിപ്പുറത്തേക്ക് കൊണ്ടുപോയി. പശ്ചിമഘട്ട മലനിരകളിലെ മാണിക്കധാര വെള്ളച്ചാട്ടത്തിന്റെ വ്യൂപോയിന്റിനു സമീപം ചൊവ്വാഴ്ച വൈകീട്ടാണ് ശ്രീനന്ദയെ കാണാതായത്. 1500 അടി താഴ്ചയിൽ നിന്നാണ് മൃതദേഹം തിരച്ചിൽ സംഘം കണ്ടെടുത്തത്.

✪✪✪

12-ാമത് ഹ്രസ്വ ചലച്ചിത്ര മത്സരത്തിന് ദേശീയ മനുഷ്യാവകാശ കമ്മീഷൻ അപേക്ഷകൾ ക്ഷണിച്ചു. ഹ്രസ്വ ചലച്ചിത്രങ്ങൾ ഇംഗ്ലീഷിലോ ഏതെങ്കിലും ഇന്ത്യൻ ഭാഷയിലോ ആകാം, ഇംഗ്ലീഷിൽ സബ്ടൈറ്റിലുകൾ ഉണ്ടായിരിക്കണം. ദൈർഘ്യം കുറഞ്ഞത് 3 മിനിറ്റും പരമാവധി 10 മിനിറ്റും ആയിരിക്കണം. . ജോലി ,വിദ്യാഭ്യാസ അവകാശങ്ങൾ , ഗാർഹിക പീഡനം, ജയിൽ പരിഷ്കാരങ്ങൾ എന്നിവയാകണം ചലച്ചിത്രങ്ങളുടെ പ്രധാന വിഷയങ്ങൾ. അപേക്ഷകൾ nhrcshortfilm@gmail.com എന്ന വിലാസത്തിൽ ജൂൺ 30 നകം അയക്കാമെന്നും പ്രവേശന ഫീസ് ഈടാക്കില്ലെന്നും മനുഷ്യാവകാശ കമ്മീഷൻ അറിയിച്ചു.

✪✪✪

2030-ൽ അഹമ്മദാബാദിലെ കോമൺവെൽത്ത് മത്സരങ്ങൾ ലോകോത്തരവും ക്രിയാത്മകവും സുസ്ഥിരവുമായിരിക്കുമെന്ന് കേന്ദ്രമന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ പറഞ്ഞു. കോമൺവെൽത്ത് സ്പോർട്സ് അധ്യക്ഷൻ ഡോ. ഡൊണാൾഡ് റുക്കാരെയുമായി നടത്തിയ ഉന്നതതല യോഗത്തിലാണ് മന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്.

മത്സരങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പ്, ഏകോപന സംവിധാനങ്ങൾ, സമയക്രമങ്ങൾ എന്നിവ മുഖ്യ ചർച്ചാ വിഷയങ്ങളായെന്ന് ഡോ. മാണ്ഡവ്യ പറഞ്ഞു.

✪✪✪

ഗോവയിൽ ISL ഫുട്ബോളിൽ ഗോവ FC , ഒഡീഷ FC യെ ഒന്നിനെതിരെ മൂന്ന് ഗോളിന് തോൽപ്പിച്ചു.

മറ്റൊരു മത്സരത്തിൽ ഗോഹട്ടിയിൽ സ്പോർട്ടിങ് ഡൽഹി, നോർത്ത് ഈസ്റ്റ് യൂണൈറ്റഡിനെ എതിരില്ലാത്ത മൂന്ന് ഗോളിന് പരാജയപ്പെടുത്തി.

ഇന്ന് ചെന്നൈയിൽ വൈകിട്ട് അഞ്ചിന് ചെന്നൈയിൻ FC, ഈസ്റ്റ് ബംഗാളിനെയും ബംഗളൂരുവിൽ വൈകിട്ട് ഏഴരക്ക് ബംഗളൂരു കേരള ബ്ലാസ്റ്റേഴ്സിനെയും നേരിടും.

✪✪✪

കിർഗിസ്ഥാനിൽ ഏഷ്യൻ ഗുസ്തി ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ മീനാക്ഷി ഗോയാത്ത് വെള്ളി മെഡൽ നേടി. 53 കിലോ വിഭാഗത്തിലാണ് മീനാക്ഷിയുടെ മെഡൽ നേട്ടം. 65 കിലോ വിഭാഗത്തിൽ മോണിക്കയും, 72 കിലോ വിഭാഗത്തിൽ ഹർഷിതയും വെങ്കല മെഡൽ നേടി.

✪✪✪

---

*News Editor & News Reader: വി കെ സുരേഷ്*
*News Team: ഫസ്ന ഫാത്തിമ, മണികണ്ഠൻ*
*DEO : ഷീബ*